LIBRARY ARCHIVES Kerala Legislative Assembly

ശബരിമല വികസനം

109(2145) ശ്രീ. വി. ജോയി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ശബരിമല വികസനവുമായി ബന്ധപ്പെട്ട് സ്വദേശി ദർശൻ പദ്ധതിയിൽപ്പെട്ട ചുവടെ പറയുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

- ശബരിമല- സന്നിധാനം
- ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ (10 യൂണിറ്റ്)
- മണ്ഡപങ്ങൾ -5 എണ്ണം
- ലാന്റ് സ്കേപ്പിംഗ് വർക്ക്, ശബരിമല
- മരക്കൂട്ടം ടോയ്ലെറ്റ് ബ്ലോക്ക്, ശബരിമല
- ശരംകുത്തി ഫസ്റ്റ് എയ്ഡ് ആൻഡ് ഹെൽത്ത് കിയോസ്ക്

തുടങ്ങിയവ

(ബി) 2021-ലെ മണ്ഡലകാല-മകരവിളക്ക് മഹോത്സവം കോവിഡിന്റെ സാഹചര്യത്തിലും മുടക്കംവരാതെ നടത്തുന്നതിനാവശ്യമായ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തീർത്ഥാടനം സംബന്ധിച്ച മുന്നൊരുക്കം, പമ്പ, എരുമേലി എന്നിവിടങ്ങളിലെ ആശുപത്രികളുടെ സൗകര്യം, RTPCR ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം തുടങ്ങിയ എല്ലാ സംഗതികളിലും ആരോഗ്യ വകുപ്പും റവന്യൂ (ദേവസ്വം) വകുപ്പും സംയുക്തമായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് 6-7-2021-ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടതും എന്നാൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

മാസ്റ്റർ പ്ലാൻ പദ്ധതി പ്രദേശത്ത് ചെയ്യുവരുന്ന സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെട്ട പമ്പയിലെ ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ നിർമ്മാണം, ടെക്കിംഗ് പാത്ത് എൻടൻസ് സെക്യൂരിറ്റി ചെക്ക് വിത്ത് റൂഫ് കവറിംഗ്, ടെക്കിംഗ് പാത്ത് ടോയ്ലെറ്റ് ബിൽഡിംഗ്, ടെക്കിംഗ് പാത്ത് ഫസ്റ്റ് എയ്ഡ് ആൻഡ് കിയോസ്ക്, സന്നിധാനം കവേർഡ് വാക്ക് വേ, സന്നിധാനം യാത്രിനിവാസ് പുണ്യദർശനം കോംപ്ലക്സ്, മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ട മെറ്റീരിയൽ റോപ് വേ നിർമ്മാണം എന്നിവയ്ക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്.

(ഡി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി വനം വകുപ്പുമായി ചർച്ച നടത്തി അടിയന്തരമായി പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വനം വകുപ്പുമായി ചർച്ച നടന്നുവരുന്നു.

ശബരിമല മാസ്റ്റർപ്ലാൻ

110(2146) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. വി. ശ്രീനിജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന കേന്ദ്രത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ശബരിമലയിൽ തീർത്ഥാടകർക്കുവേണ്ടി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ശബരിമലയിൽ തീർത്ഥാടകർക്ക് വിശ്രമം, കുടിവെള്ളലഭ്യത, പ്രാഥമികാവശ്യ നിർവ്വഹണം, ചികിത്സാസൗകര്യം തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാനുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തിവരുന്നു.

(ബി) ശബരിമല മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിരുന്ന പദ്ധതികളും അവയുടെ പുരോഗതിയും അറിയിക്കാമോ?